# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-പാലാ നഗരസഭ വാണിജ്യ കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്, ളാലം ഓൾഡ്, പാലാ പി ഒ സമർപ്പിച്ച അപേക്ഷ.

==========================================================================

**ഉത്തരവ് നമ്പർ C/541/2019/D.Dis, തീയതി : 10.04.2019.**

==========================================================================

കോട്ടയം ജില്ലയിലെ പാലാ നഗരസഭ പരിധിയിലുള്ള ളാലം വില്ലേജിൽ, ബ്ലോക്ക് നമ്പർ 80 ൽ റീ സർവ്വെ നമ്പർ 47/19, 47/17 എന്നിവയിൽ പെട്ട 22758 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 4657.86 ച.മീറ്റർ വിസ്തീർണ്ണമുള്ള ചർച്ച് അനുബന്ധ കെട്ടിടങ്ങൾ നിലവിലുള്ളിടത്ത 5301.66 ച.മീറ്ററിൽ വാണിജ്യ ഉപയോഗ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള ആഡിറ്റോറിയകെട്ടിടത്തോട് കൂട്ടിചേർത്ത് 250.19 ച.മീറ്ററിൽ നിർമ്മാണം നടത്തുന്നതിനും കെ.എം.ബി ആർ-1999 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KMBR-1999 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.
4. നിർദ്ദിഷ്ട വസ്തു പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച്സെക്രട്ടറി ഉറപ്പു വരുത്തണം.
5. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
6. ചട്ടം 56(8) പ്രകാരം ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം ഉൾപ്പെടുത്തേണ്ടതാണ്.
7. ചട്ടം 109 (A) പ്രകാരമുള്ള ഭൂജലപോഷണ സംവിധാനം ഉൾപ്പെടുത്തേണ്ടതാണ്.
8. ചട്ടം 56(3J) പ്രകാരം അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
9. ചട്ടം 56 (6) പ്രകാരം ആവശ്യമായ അഗ്നി സുരക്ഷ സംവിധാനം ഉറപ്പു വരുത്തണം.
10. ചട്ടം 56(9)പ്രകാരം മലിന ജലം പുനരുപയോഗിക്കുന്നത്ന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം

11. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി നേടിയിരിക്കണം.
12. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
13. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
14. KMBR-1999 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം
15. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KMBR-1999 ചട്ടം 11(1) പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കരണാനുമതിയ്ക്ക് പരിഗണിക്കാവൂ.

***"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളു".***

അംഗീകരിച്ച സൈറ്റ് പ്ലാൻ 22/19/KTM ഉള്ളടക്കം ചെയ്യുന്നു.

ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം, പിൻ - 686 001, ഫോൺ: 2564160, കോട്ടയം

**സുജ മത്തായി**
**ടൗൺ പ്ലാനർ**

ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്, ളാലം ഓൾഡ്, പാലാ പി ഒ ( **പ്ലാൻ 1 സെറ്റ് സഹിതം**)

പകർപ്പ് : 1. സെക്രട്ടറി , പാലാ നഗരസഭ
2. അധികം -1

MD/12.02.19